# കേരളസർവകലാശാല

നം.പി.ആർ.179/2023 തിരുവനന്തപുരം, തീയതി: 04/09/2023

## പത്രക്കുറിപ്പ്

### സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാല കാര്യവട്ടം ഒപ്റ്റോ ഇലക്ട്രോണിക്സ് വിഭാഗത്തിൽ നടത്തുന്ന AICTE അംഗീകാരമുള്ള എം.ടെക്. ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ (ഒപ്റ്റോ ഇലക്ട്രോണിക്സ് ആന്റ് ഒപ്റ്റിക്കൽ കമ്മ്യൂണിക്കേഷൻ) കോഴ്സിൽ ഒഴിവുള്ള ഏതാനും സീറ്റുകളിലേയ്ക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. താല്പ്പര്യമുള്ള വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളുമായി 2023 സെപ്റ്റംബർ 11 ന് രാവിലെ 10.30 ന് കാര്യവട്ടം ക്യാമ്പസ്സിലെ ഒപ്റ്റോ ഇലക്ട്രോണിക്സ് വിഭാഗത്തിൽ ഹാജരാകേണ്ടതാണ്.

### പരീക്ഷാഫലം

കേരളസർവകലാശാല 2022 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ. എക്കണോമിക്സ്, ബിസിനസ് എക്കണോമിക്സ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് റെഗുലർ വിദ്യാർത്ഥികൾ www.slcm.keralauniversity.ac.in മുഖേനയും സപ്ലിമെന്ററി വിദ്യാർത്ഥികൾ exams.keralauniversity.ac.in മുഖേനയും 2023 സെപ്റ്റംബർ 5 നകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. റെഗുലർ വിദ്യാർത്ഥികളുടെ അപേക്ഷ ഫീസ് SLCM ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളു.

കേരളസർവകലാശാല 2022 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്സി. ബയോടെക്നോളജി, എം.എ. അറബിക് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷയുടെ ഫലങ്ങൾ പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2023 സെപ്റ്റംബർ 12 വരെ അപേക്ഷിക്കാം. സൂക്ഷ്മപരിശോധനയ്ക്ക് റെഗുലർ വിദ്യാർത്ഥികൾ www.slcm.keralauniversity.ac.in മുഖേനയും സപ്ലിമെന്ററി വിദ്യാർത്ഥികൾ exams.keralauniversity.ac.in മുഖേനയും ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. റെഗുലർ വിദ്യാർത്ഥികളുടെ അപേക്ഷ ഫീസ് SLCM ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ. തമിഴ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2023 സെപ്റ്റംബർ 14 വരെ അപേക്ഷിക്കാം. സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ www.slcm.keralauniversity.ac.in മുഖേന ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. അപേക്ഷ ഫീസ് SLCM ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ/വൈവ

കേരളസർവകലാശാല 2023 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്‌സി. സ്റ്റാറ്റിസ്റ്റിക്സ് പരീക്ഷയുടെ പ്രാക്ടിക്കൽ, വൈവ പരീക്ഷകൾ 2023 സെപ്റ്റംബർ 7 മുതൽ 12 വരെ അതാത് കോളേജിൽ നടത്തുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## പരീക്ഷ വിജ്ഞാപനം

കേരളസർവകലാശാലയുടെ എട്ടാം സെമസ്റ്റർ ബി.ടെക്. (സപ്ലിമെന്ററി – 2008 സ്കീം 2012 അഡ്മിഷൻ) & (മേഴ്സിചാൻസ് 2008, 2009, 2010 & 2011 അഡ്മിഷൻ) (2003 സ്കീം ട്രാൻസിറ്ററി & പാർട്ട് ടൈം ഉൾപ്പെടെ), സെപ്റ്റംബർ 2023 പരീക്ഷാ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പുതുക്കിയ ടൈംടേബിൾ

കേരളസർവകലാശാല 2023 സെപ്റ്റംബർ 5 മുതൽ നടത്താനിരുന്ന ഒന്നാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി. ഡിഗ്രി പരീക്ഷ സെപ്റ്റംബർ 19 ലേക്ക് മാറ്റിയിരിക്കുന്നു. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

കേരളസർവകലാശാല 2023 സെപ്റ്റംബർ 28 ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ ബി.ഡെസ്. (ഫാഷൻ ഡിസൈൻ) പരീക്ഷയ്ക്കും, 2023 ഒക്ടോബർ 3 ന് ആരംഭിക്കുന്ന നാല്, എട്ട് സെമസ്റ്റർ (അപ്ലൈയ്ഡ് ആർട്സ്, പെയിന്റിംഗ്) BFA (HI) പരീക്ഷയ്ക്കും, 2023 ഒക്ടോബർ 4 ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ BFA (HI) പരീക്ഷയ്ക്കും പിഴകൂടാതെ 2023 സെപ്റ്റംബർ 13 വരെയും 150 രൂപ പിഴയോടെ 16 വരെയും 400 രൂപ പിഴയോടെ 19 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ ഒന്നാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി. (2012, 2015 അഡ്മിഷൻ) പരീക്ഷയ്ക്ക് 150 രൂപ പിഴയോടെ 2023 സെപ്റ്റംബർ 5 വരെയും 400 രൂപ പിഴയോടെ 7 വരെയും അപേക്ഷിക്കാം.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2022 നവംബറിൽ നടത്തിയ ആറാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എൽ.എൽ.ബി. പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ഹാൾടിക്കറ്റുമായി 2023 സെപ്റ്റംബർ 5, 7, 8 തീയതികളിൽ റീവാല്യുവേഷൻ ഇ.ജെ. X (പത്ത്) സെക്ഷനിൽ ഹാജരാകേണ്ടതാണ്.

## സീറ്റൊഴിവ്

കേരളസർവകലാശാലയിൽ എം.എസ്‌സി. അപ്ലൈഡ് അക്വാകൾച്ചർ വിഷയത്തിൽ മത്സ്യ തൊഴിലാളികളുടെ കുട്ടികൾക്കും, പട്ടിക ജാതി വിഭാഗത്തിലും ഓരോ സീറ്റുകൾ വീതം ഒഴിവുണ്ട്. അർഹരായ വിദ്യാർത്ഥികൾ രക്ഷകർത്താക്കളുടെ സൊസൈറ്റി രജിസ്ട്രേഷൻ കാർഡും, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റും മറ്റു യോഗ്യതാ സർട്ടിഫിക്കറ്റുകളുമായി 2023

സെപ്റ്റംബർ 5 ന് (ചൊവ്വ) 11 മണിക്ക് കാര്യവട്ടത്തെ അക്വാട്ടിക് ബയോളജി ആന്റ് ഫിഷറീസ് വകുപ്പിൽ ഇന്റർവ്യൂവിന് ഹാജരാകേണ്ടതാണ്.

കേരളസർവകലാശാലയുടെ പഠനഗവേഷണ വകുപ്പുകളിൽ എം.എസ്‌സി, ജിയോളജി, എം.എസ്‌സി. ബയോകെമിസ്ട്രി, എൽ.എൽ.എം. പ്രോഗ്രാമുകൾക്ക് 2023-2025 ബാച്ച് അഡ്മിഷന് എസ്.സി. വിഭാഗത്തിൽ സീറ്റൊഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 2023 സെപ്റ്റംബർ 7 ന് രാവിലെ 11 മണിക്ക് അസ്സൽ സർട്ടിഫിക്കറ്റുകളുമായി അതാത് വകുപ്പുകളിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:**For queries**helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**